ശ്രീ. പി. നാണു: അന്നു് പ്രായപൂത്തിയാകാത്തവർ ഇന്നു് പ്രായപൂത്തിയായിട്ടുണ്ടെങ്കിൽ മുഴുവൻ റേഷൻ കിട്ടുന്നതിനു് അവർ എന്തുചെയ്യണം?

ശ്രീ. കെ. എം. കോര: അവരെ പ്രായപൂത്തിയായവരായി കണക്കാക്കി റേഷൻ കൊടുക്കും.

ശ്രീ. പി. നാണു: അങ്ങനെ പ്രായപൂത്തിയായിട്ടുണ്ടെങ്കിൽ അതേവരെയുള്ള പ്രായപൂത്തിയായവരുടെ കൂട്ടത്തിൽ അവരേയും ഉൾപ്പെടുത്തിക്കൊണ്ടു് കാർഡു് കൊടുക്കണമെന്നു് ഡിപ്പാർട്ട്മെൻറിനു് നിർദ്ദേശം വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെ ഒരു നിർദ്ദേശം കൊടുക്കേണ്ട കാര്യം ഇല്ലല്ലൊ.

ശ്രീ. പി. നാണു: അങ്ങനെ ഒരു നിർദ്ദേശം കൊടുക്കേണ്ട ആവശ്യം ഇല്ലന്നാണോ പറയുന്നതു്?

ശ്രീ. കെ. എം. കോര: അങ്ങനെയൊരു നിർദ്ദേശത്തിന്റെ ആവശ്യമില്ല.

ശ്രീ. പി. നാണു: പ്രായപൂത്തിയാകാത്തവരെ എന്നും പ്രായപൂത്തിയാകാത്തവരായിത്തന്നെ വച്ചുകൊള്ളണമെന്നുണ്ടോ?

ശ്രീ. കെ. എം. കോര: അവർ പ്രായപൂത്തിയായിട്ടുണ്ടെങ്കിൽ പ്രായപൂത്തിയായിട്ടുള്ളവരുടെ കൂട്ടത്തിൽ പെടുത്തും.

ശ്രീ. പി. നാണു: അതിനു നിർദ്ദേശം വല്ലതും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: രൂപം അതാണു്.

കുടിപാർപ്പു്

*നമ്പർ (൪൦) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സഭയം മേശപടി പറയുമോ?

(എ) പാണ്ടനാട്ടു് പകുതിയിൽ പിറമറ്റം കരയിൽ സർവ്വെ നമ്പർ 6/2 ബി, നമ്പരിൽ പെട്ട സ്ഥലത്തു് കുടിപാർപ്പിനു് സ്ഥലമില്ലാതിരുന്ന പട്ടികജാതിക്കാർ പ്രവേശിച്ചു് കുടിപാർത്തുവരവെ അവരെ ഗവൺമെൻറു് ഇറക്കിവിട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനു വല്ല പ്രത്യേക കാരണങ്ങളുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) സർവ്വെ നമ്പർ 6/2 ബി. എന്ന സ്ഥലത്തു് പട്ടികജാതിക്കാർ പ്രവേശിച്ചതായും അവിടെ നിന്നു് അവരെ ഇറക്കി വിട്ടതായും ഗവൺമെൻറിനു് അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. സി. പ്രസാദ്: ഗവൺമെൻറിനു് അതിനെപ്പറ്റി എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഈസ്ഥലത്തു് പട്ടികജാതിക്കാർ പ്രവേശിച്ചതായും അവരെ അവിടെനിന്നു് ഇറക്കിവിട്ടതായും ഒരു നിവേദനം കിട്ടിയിട്ടില്ല. എന്നാൽ ഈ സ്ഥലം പട്ടികജാതിക്കാർക്കു് പതിച്ചുകൊടുക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പറിൽനിന്നും ഒരു നിവേദനം കിട്ടിയിട്ടുണ്ടു്.

ശ്രീ. സി. സി. പ്രസാദ്: പോലീസു് ചെന്നു് അവരെ ഇറക്കി വിടേണ്ടതു് ഗവൺമെൻറിന്റെ അറിവോടുകൂടിയാണെന്നാണോ വിചാരിക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പോലീസ് ചെന്ന് ഇറക്കിവിട്ട എന്ന് ഇവിടെ ആരും പറഞ്ഞില്ല. മെമ്പറുടെ ചോദ്യം നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുമാരവിലാസം പ്രൈമറിസ്കൂൾ

*നമ്പർ 9 (ര ഫ) ശ്രീ. സി. സി. പ്രസാദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

(എ) പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടേയും മറ്റും കുട്ടികളുടെ വിദ്യാഭ്യാസ സൌകര്യത്തെ മുൻനിറുത്തി ചങ്ങനാശ്ശേരി താലൂക്കിൽ കാഞ്ഞിരപ്പള്ളി തെക്കുപകുതിയിൽ എരുമേലി മുറിയിൽ നെട്ടുകാവു വയൽ കോളനിയിൽ സമാരംഭിച്ചു നടത്തി വരുന്നതായ ശ്രീ. കുമാരവിലാസം പ്രൈമറി സ്കൂളിനു നാംക്ലാസ്സു മുതൽ അഞ്ചാം ക്ലാസ്സുവരെ അനുവദിച്ചു തരണമെന്നും മറ്റും വിവരം കാണിച്ചു സ്കൂളധികൃതർ അധികാരസ്ഥാനങ്ങളിൽ അപേക്ഷിച്ചിട്ടുണ്ടോ?

(ബി) അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അധികാരസ്ഥാനങ്ങളിൽ നിന്നു അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി.) : (എ) നെട്ടുകാവ് വയൽകോളനിയിൽ നടത്തിവരുന്ന കുമാരവിലാസം പ്രൈമറി സ്കൂളിൽ നാലാം ക്ലാസ് ആരംഭിക്കുന്നതിനു് അപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) അവിടെ നാലാം ക്ലാസ്സ് ആരംഭിക്കുന്നതിനെ സംബന്ധിച്ച് നടപടികൾ എടുത്തുവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

SALARY OF POLICE OFFICERS

*338. (42) **Sri. Eapen Arakkal:** Will the hon. Chief Minister be pleased to state;

(*a*) what are the maximum grades of salaries of Inspectors, A.S.Ps., D.S.Ps. before integration in the erstwhile Travancore and Cochin areas;

(*b*) where there in Cochin area Police Officers called Division Inspectors; if so how many; what were their salaries;

(*c*) under what rank were they entertained after integration as Inspectors or in superior positions;

(*d*) were there senior Inspectors in Travancore drawing salaries equal to or higher than the maximum salary of the Division Inspectors in Cochin before integration;

(*e*) have any complaint or complaints been received from any police officers of the erstwhile Travancore area that their claims or promotions have been blocked or disallowed by the posting of Police Officers of erstwhile Cochin area after integration; and

(*f*) have the Government looked into the unfairness alleged to have been meted out to the erstwhile Travancore area officers in this connection?

Chief Minister **(Sri. C. Kesavan)**

A. Travancore

Inspectors III grade	Rs.	80—5—100
Do. II grade	Rs.	100—10—150
Do. I grade	Rs.	175—10—225

LIBRARY ARCHIVES Kerala Legislative Assembly